I/124818/2024

**പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ്**
**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്**
**കൺസർവേറ്റർ (ഭരണം)**

**ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്**
**വഴുതക്കാട്, തിരുവനന്തപുരം**
E-mail: apccf-admin.for@kerala.gov.in
Phone: 0471-2338491

**ഇ7-4954/2019** **തീയതി** :03-04-2024

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) &
ചീഫ് വൈൽഡ്ലൈഫ് വാർഡൻ,

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
ഫോറസ്റ്റ് മാനേജ്മെന്റ്.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
ഫിനാൻസ് ബഡ്ജറ്റ് & ഓഡിറ്റ് /വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്/
സോഷ്യൽ ഫോറസ്ട്രി /ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ/
വർക്കിംഗ് പ്ലാൻ.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ -ക്യാമ്പ
കസ്റ്റോഡിയൻ- ഇ.എഫ്.എൽ

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
ഇൻഫർമേഷൻ ടെക്നോളജി

ഫോറസ്റ്റ് കൺസർവേറ്റർ
നോഡൽ ഓഫീസർ (എഫ്.സി.ആക്ട്)
അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്.

സർ,

വിഷയം : കേരള വനം വകുപ്പ് – വനം വകുപ്പാസ്ഥാനത്ത് രൂപീകരിച്ച **തിരുവനന്തപുരം ഫോറസ്റ്റ് കൺട്രോൾ റൂം** - നിർവ്വഹിക്കേണ്ട ചുമതലകൾ - സംബന്ധിച്ച്.

സൂചന :

1. സർക്കാർ ഉത്തരവ് (സാധാ) നം. 128/2024/വനം തീയതി 12-03-2024
2. ഈ ഓഫീസിലെ 15-03-2024 തീയതിയിലെ ഇതേ നമ്പർ നടപടി ഉത്തരവ്.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 07-03-2024 തീയിതിയിലെ WL11-1268/2024 നമ്പർ നടപടി ഉത്തരവ്.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും അങ്ങയുടെ/ താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 12.03.2024 തീയതിയിലെ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന കൺട്രോൾ റൂം തിരുവനന്തപുരത്തിനെ ഫ്ലൈയിംസ് സ്ക്വാഡ് റെയ്ഞ്ച് തിരുവനന്തപുരം എന്ന് പുനർ നാമകരണം

ചെയ്ത് ആസ്ഥാനം പി.ടി.പി നഗറിലേയ്ക്ക് മാറ്റിസ്ഥാപിച്ചും തിരുവനന്തപുരം ജില്ലയിലെ വിവിധ ഓഫീസുകളിൽ നിന്നും തസ്തികകൾ പുനർവിന്യസിച്ചുകൊണ്ട് വനം വകുപ്പ് ആസ്ഥാനത്ത് **തിരുവനന്തപുരം ഫോറസ്റ്റ് കൺട്രോൾ റൂം** എന്നപേരിൽ ഒരു പുതിയ കൺട്രോൺ റൂം രൂപീകരിക്കുന്നതിനും ഉള്ള അനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവായിരുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **തിരുവനന്തപുരം ഫോറസ്റ്റ് കൺട്രോൾ റൂം** വനം വകുപ്പ് ആസ്ഥാനത്ത് രൂപീകരിച്ചുകൊണ്ടും അതിലേയ്ക്ക് ആവശ്യമായ തസ്തികകൾ പുനർവിന്യസിച്ചുകൊണ്ടും ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം നടപടി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**തിരുവനന്തപുരം ഫോറസ്റ്റ് കൺട്രോൾ റൂമിന്റെ** ചുമതലകൾ സൂചന (2) ഉത്തരവിൽ നിഷ്കർഷിച്ചിരുന്നില്ല. **തിരുവനന്തപുരം ഫോറസ്റ്റ് കൺട്രോൾ റൂമിന്റെ** ചുമതലകൾ താഴെപ്പറയും പ്രകാരം ആയിരിക്കുന്നതാണ്.

a. വനം വകുപ്പാസ്ഥാനത്തെ ടോൾ ഫ്രീ നമ്പരിൽ (24x7x365) പ്രവർത്തിക്കുന്ന) ലഭിക്കുന്ന പരാതികൾ / വിവരങ്ങൾ രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉടനടി അറിയിക്കുക, വിജിലൻസ് വിഭാഗത്തിന് കൈമാറുക.
b. വനം വകുപ്പാസ്ഥാനത്തെ വയർലെസ് സംവിധാനം പ്രവർത്തിപ്പിക്കുക, ആവശ്യാനുസരണം വിവരങ്ങൾ ഉടൻ ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറുക.
c. വനംവകുപ്പാസ്ഥാനത്തെ CCTV സംവിധാനം (Strong Room & Main Gate) നിരീക്ഷിക്കുക (24x7x365) തുടർ നടപടികൾ സ്വീകരിക്കുക.
d. ഓഫീസ് പ്രവർത്തനത്തിന് ശേഷം Evening Guard duty നിർവ്വഹിക്കുക.
e. VIP-കളെ അനുഗമിക്കുന്ന ഡ്യൂട്ടികൾ നിർദ്ദേശാനുസരണം ചെയ്യുക.
f. ഓഫീസ് പ്രവർത്തന സമയത്തിന് ശേഷം വനംവകുപ്പാസ്ഥാനത്ത് എസ്റ്റേറ്റ് ഓഫീസിന് കീഴിലെ പൂളിലെ വാഹനങ്ങളുടെ ഓട്ടം ക്രമീകരിക്കുകയും ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.
g. ഗവൺമെന്റ് സെക്രട്ടറിയേറ്റ്, നിയമസഭ, അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ് തുടങ്ങിയ ഓഫീസുകളുമായി ബന്ധപ്പെട്ടുള്ള ഫയൽ നീക്കം സുഗമവും വേഗത്തിലാക്കുന്നതിനുമായി ലെയ്സൺ ഓഫീസായി പ്രവർത്തിക്കുക.
h. വനംവകുപ്പാസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നിന്നും **എസ്റ്റേറ്റ് ഓഫീസർ** മുഖാന്തരം നിർദ്ദേശിക്കുന്ന വിവിധ ജോലികൾ യഥാസമയം നിർവ്വഹിക്കുക.
i. Interactive Voice Response (IVR) System-ന്റെ പ്രവർത്തനവും പരിപാലനവും നിർവ്വഹിക്കുക.

മനുഷ്യ - വന്യമൃഗ സംഘർഷം സംസ്ഥാന പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ ചുമതലയിൽ മതിയായ വാർത്താവിനിമയ സങ്കേതങ്ങളുടെ സഹായത്തോടെ ഒരു കൺട്രോൾ റൂം പ്രവർത്തിക്കണമെന്ന 06.03.2024-ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വനം വകുപ്പ് ആസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കൺട്രോൾ റൂം, സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള കൺട്രോൾ റൂം കൂടിയായി പ്രവർത്തിപ്പിക്കുന്നതിന് 07.03.2024 തീയതിയിലെ WL11-1268/2024 നമ്പർ നടപടി ഉത്തരവിലൂടെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡൻ ഉത്തരവായിരുന്നു.

I/124818/2024

വനം വകുപ്പ് ആസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കൺട്രോൾ റൂം തിരുവനന്തപുരത്തിനെ ഫ്ലൈയിംസ് സ്ക്വാഡ് റെയ്ഞ്ച് തിരുവനന്തപുരം എന്ന് പുനർ നാമകരണം ചെയ്ത് ആസ്ഥാനം പി.ടി.പി നഗറിലേയ്ക്ക് മാറ്റിസ്ഥാപിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 07.03.2024 തീയതിയിലെ WL11-1268/2024 നമ്പർ നടപടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള എല്ലാ ചുമതലകളും പുതിയതായി രൂപീകരിച്ച **തിരുവനന്തപുരം ഫോറസ്റ്റ് കൺട്രോൾ റൂം നിർവ്വഹിക്കേണ്ടതാണ്.** കൂടാതെ മനുഷ്യ-വന്യമൃഗ സംഘർഷവുമായി ബന്ധപ്പെട്ട് ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ ഓഫീസിൽ നിന്നും സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ കൂടി യഥാവിധി നിർവ്വഹിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

പകർപ്പ് : ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഇൻഫർമേഷൻ ടെക്നോളജിയ്ക്ക് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
എസ്റ്റേറ്റ് ഓഫീസർക്ക് സൂചന (3) നടപടി ഉത്തരവിന്റെ പകർപ്പ് സഹിതം.

# പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ഡി.ജയപ്രസാദ്.ഐ.എഫ്.എസ്

വിഷയം :- മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന പ്രത്യേക ദുരന്തമായി പ്രഖ്യാപനം - വനം വകുപ്പ് ആസ്ഥാനത്തിൽ കൺട്രോൾ റൂം ആരംഭിച്ചുകൊണ്ടും അവലോകന സമിതി രൂപീകരിച്ചുകൊണ്ടും ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന :- 06.03.2024-ലെ മന്ത്രി സഭായോഗ തീരുമാനങ്ങൾ.

## ഉത്തരവ് നമ്പർ WL11-1268/2024 തീയതി : 07.03.2024

സംസ്ഥാനത്ത് കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഉണ്ടായ വന്യമൃഗ ആക്രമണം മൂലമുണ്ടായ ദാരുണസംഭവങ്ങൾ കണക്കിലെടുത്തുകൊണ്ട് മനുഷ്യ വന്യമൃഗ സംഘർഷം സംസ്ഥാന പ്രത്യേക ദുരന്തമായി (State Specific Disaster) പ്രഖ്യാപിക്കുന്നതിന് 06.03.2024-ൽ കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള അടിയന്തര സാഹചര്യം ലഘൂകരിക്കുന്നതിനും, പ്രശ്ന പരിഹാരത്തിനും, ചീഫ് വൈൽഡ്‌ലൈഫ് വാർഡനെ മനുഷ്യ-വന്യമൃഗ സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ ഓഫീസറായി നിയമിക്കുന്നതിനും മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്.

പ്രകൃതി ദുരന്തസമയങ്ങളിൽ സെക്രട്ടറിയേറ്റ് കേന്ദ്രീകരിച്ച് സജ്ജീകരിക്കുന്ന നിരീക്ഷണ സംവിധാനത്തിന് സമാനമായി, വനം വകുപ്പാസ്ഥാനത്ത് ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ ചുമതലയിൽ മതിയായ വാർത്താവിനിമയ സങ്കേതങ്ങളുടെ സഹായത്തോടെ ഒരു കൺട്രോൾ റൂം പ്രവർത്തിക്കണമെന്ന സൂചനയിലെ തീരുമാന പ്രകാരം, വനം വകുപ്പാസ്ഥാനത്തിൽ നിലവിൽ തിരുവനന്തപുരം ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂം സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള കൺട്രോൾ റൂം കൂടിയായി (24x7) പ്രവർത്തിപ്പിക്കുന്നതിനും വനംവകുപ്പാസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം സംബന്ധിച്ച വിഷയങ്ങൾ അവലോകനം ചെയ്യുന്നതിനും, നടപടി ത്വരിതപ്പെടുത്തുന്നതിനും ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിലെ താഴെ പറയുന്ന ജീവനക്കാരെ ഉൾപ്പെടുത്തികൊണ്ട് ഒരു അവലോകന സമിതി രൂപീകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

1. രാധാകൃഷ്ണൻ. എസ്.ആർ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ–കൺവീനർ
2. അനിൽ.ബി, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ –അംഗം
3. രഞ്ജിത്ത്.വിഎസ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് കൺട്രോൾ റൂം –അംഗം
4. അലോഷ്യസ്.ജി.എം, സീനിയർ സൂപ്രണ്ട്, ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ് –അംഗം
5. ബിനോയ്.എ.എം, ജൂനിയർ സൂപ്രണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ് –അംഗം
6. സുജ.സി.ജി, സീനിയർ ക്ലാർക്ക്, WL11 സെക്ഷൻ –അംഗം
7. സജിൻരേഷ്.എസ്.എൻ, ക്ലാർക്ക്, WL05 സെക്ഷൻ –അംഗം

മുൻപിനാലെ പറഞ്ഞിട്ടുള്ള കൺട്രോൾ റൂം താഴെ പറയുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതാണ്.

1. മനുഷ്യ-വന്യമൃഗ സംഘർഷവുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഭവങ്ങൾ ശ്രദ്ധയിൽപെട്ടാൽ ഫീൽഡ് സ്റ്റാഫ് / റേഞ്ച് ഓഫീസർ പ്രസ്തുത വിവരം വനംവകുപ്പാസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിൽ അറിയിക്കേണ്ടതാണ്
2. മനുഷ്യ-വന്യമൃഗ സംഘർഷം സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് വനംവകുപ്പിന്റെ ടോൾ ഫ്രീ നമ്പറായ 1800-425-4733 എന്ന നമ്പറിൽ വിളിച്ച് അറിയിക്കാവുന്നതാണ്. അതോടൊപ്പം കൺട്രോൾ റൂമിന്റെ 0471-2529365 എന്ന ലാൻഡ് ലൈൻ നമ്പറിലേയ്ക്കും പൊതുജനങ്ങൾക്ക് വിളിക്കാവുന്നതാണ്.
3. കൺട്രോൾ റൂമിൽ ലഭിക്കുന്ന ഓരോ സന്ദേശങ്ങളും പ്രത്യേകം തയ്യാറാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. (രജിസ്റ്ററിന്റെ മാതൃക അനുബന്ധം 1 ആയി ചേർക്കുന്നു)
4. കൺട്രോൾ റൂമിൽ ലഭിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ ഓഫീസിലെ താഴെ പറയുന്ന നമ്പരുകളിൽ അറിയിക്കേണ്ടതാണ്. ഓഫീസ് സമയങ്ങളിൽ (10 AM – 5 PM) ഓഫീസ് ടെലഫോൺ നമ്പറായ 0471-2529313, 0471-2529314, 0471-2529316 എന്നീ നമ്പറുകളിലും ഓഫീസ് പ്രവർത്തന സമയത്തിനുശേഷം ലഭിക്കുന്ന വിവരങ്ങൾ താഴെ പറയുന്ന നമ്പരുകളിലേയ്ക്കും കൈമാറേണ്ടതാണ്.

   - രാധാകൃഷ്ണൻ. എസ്.ആർ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ
     94479 79028
   - അനിൽ.ബി, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
     94461 06530

മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ സർക്കിൾ/ഡിവിഷൻ തലത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. വനംവകുപ്പാസ്ഥാനത്തിൽ ആരംഭിച്ച കൺട്രോൾ റൂമിന്റെ മാതൃകയിൽ സർക്കിൾ/ഡിവിഷൻ തലത്തിൽ കൺട്രോൾ റൂം (24X7) ആരംഭിക്കുക.
2. കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ച വിവരം ഫോൺ നമ്പർ സഹിതം പൊതുജനങ്ങളെ അറിയിക്കുക.
3. കൺട്രോൾ റൂമിന്റെ പ്രവർത്തനങ്ങൾക്ക് ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തുക.
4. സർക്കിൾ ഓഫീസിലെ ടെക്നിക്കൽ അസ്സിസ്റ്റന്റോ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചുമതലപ്പെടുത്തുന്ന അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനോ സർക്കിൾ തല കോ-ഓഡിനേറ്ററുടെ ചുമതല നിർവ്വഹിക്കേണ്ടതാണ്.
5. സർക്കിൾ കൺട്രോൾ റൂമിന്റെ ഫോൺ നമ്പറും ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേരും ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിൽ അറിയിക്കേണ്ടതാണ്.
6. മനുഷ്യ-വന്യമൃഗ സംഘർഷവുമായി ബന്ധപ്പെട്ട് മനുഷ്യ ജീവഹാനി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ, ഇതോടൊപ്പം അനുബന്ധം 2-ആയി ചേർത്തിട്ടുള്ള Critical Review of Human death due to Human – Wild animal Conflict എന്ന പ്രൊഫോർമ സർക്കിൾ ഓഫീസിൽ നിന്നും ചീഫ് വൈൽഡ്ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്.

**ഡി.ജയപ്രസാദ്.ഐ.എഫ്.എസ്**
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) &
ചീഫ് വൈൽഡ് ലൈഫ് വാർഡൻ

പകർപ്പ്:

1. ബഹു. വനം മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് ആമുഖ കത്ത് സഹിതം അറിവിലേയ്ക്ക് നൽകുന്നു.
2. അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് അറിവിലേയ്ക്കായി നൽകുന്നു.
3. വനം വകുപ്പ് മേധാവിയ്ക്ക് അറിവിലേയ്ക്കായി നൽകുന്നു.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകുന്നു.
5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (വിജിലൻസ്) നൽകുന്നു.
6. എല്ലാ മേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും (വൈൽഡ്ലൈഫ് /ടെറിട്ടോറിയൽ) നൽകുന്നു.
7. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും (വൈൽഡ്ലൈഫ് /ടെറിട്ടോറിയൽ/ഫ്ലയിങ് സ്ക്വാഡ് / സോഷ്യൽ ഫോറെസ്റ്ററി ) നൽകുന്നു.
8. എല്ലാ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും (വൈൽഡ്ലൈഫ് /ടെറിട്ടോറിയൽ/ഫ്ലയിങ് സ്ക്വാഡ് / സോഷ്യൽ ഫോറെസ്റ്ററി ) നൽകുന്നു.

അനുബന്ധം - 1

# കൺട്രോൾ റൂമിൽ ആരംഭിക്കുന്ന രജിസ്റ്ററിന്റെ മാതൃക

| ക്രമ നം. | വിവരം നൽകുന്ന ആളുടെ പേരും വിലാസവും/ വിവരം നൽകുന്ന ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഓഫീസ് പേര് | ഫോൺ നം. | ലഭിച്ച സന്ദേശത്തിന്റെ വിവരം | വിവരം ലഭിച്ച തീയതി, സമയം | CWW ഓഫീസിലേക്ക് കൈമാറിയ സമയം | വിവരം കൈമാറിയത് ആർക്ക് ( പേര് / ഫോൺ നമ്പർ ) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

അനുബന്ധം നം. 2

# CRITICAL REVIEW OF HUMAN DEATH DUE TO HUMAN-WILD ANIMAL CONFLICT

**Circle:**
**Division :**

**Range :**
**Station / Section :**

**Unique Incidence No. :**

| | |
|---|---|
| Date & Time of the incident | |
| Time & source of information about the incident | |
| Area / Location/ Panchayath /Village | |
| Cause of Incident - Animal species involved | |
| Nature of incident and background , if any | |
| Rescue undertaken in the incident location | |
| Whether any advanced measures were taken to prevent or give alert? Describe. If not, reason thereof | |
| Whether the incident occurred due to lack of foresight on the part of officials concerned? If yes, Give details. | |
| Level of Incident Command at which it was dealt. | |
| Whether services or assistance were offered/ received or sought by from other departments/ NGOs, local people. If so, furnish details. | |
| What rapid actions were taken on receipt of information about the incident | |
| Whether there were any short comings? | |
| Analysis of functioning of the Control Rooms and the flow of information related to the particular incident | |
| Whether the personal safety concerns of the personals involved were well addressed? | |
| Reasons for the incident and lessons learned for the future | |
| Incident Command System followed and its efficacy | |

Chief Conservator of Forests
................................ Circle